## 662

*രീതി: തുംഗപ്രതാപമാർന്ന*

1 വിൺമഹിമ വെടിഞ്ഞു മൺമയനായ മനു-
നന്ദനനായിവന്ന ചിന്മയാ നിന്മഹിമ
അനുദിനം മനസ്സിൽ നിനച്ചടി വണങ്ങിടുന്നേൻ-

2 മൃത്യു വരിച്ചു ക്രൂശിൽ മൃത്യുവിനെ ജയിച്ചു
മർത്യർക്കു നൽകി നിത്യജീവൻ കൃപാനിധേ നീ
നമിച്ചിടുന്നടിയാൻ തവ പാദതളിർ ശരണം-

3 പാപമറിഞ്ഞിടാത്ത പാവനനായ നാഥൻ
പാപമാക്കി സ്വയമാക്കാൽവറി ക്രൂശിലേറി
നിണം ചൊരിഞ്ഞു ദൈവനീതി നിവർത്തിച്ചെന്റെ പേർക്കായ്-

4 വാക്കിനാലി പ്രപഞ്ചമൊക്കെയുളവാക്കിയോൻ
ആക്കിയ കൃത്യയാഗമായോരജമായ്ത്തന്നെ
അതുല്യമാം ദയയോർത്തിതാ വണങ്ങിടുന്നടിയൻ-

5 ശത്രുവാമെന്നെ ദൈവപുത്രനായ്ത്തീർത്ത കൃപ-
യ്ക്കെത്രയപാത്രനാണീ ധാത്രിയിലെന്നതോർത്തു
സ്തുതിക്കുന്നശ്രുകണം വീഴ്ത്തി കരുണാവാരിധിയെ-

6 താഴ്ചയിലെന്നെയോർത്തു താതസവിധം വെടി-
ഞ്ഞീധരണിയിലേറ്റം താണു നീ വന്നുവല്ലോ
നിറഞ്ഞനന്ദിയോടെ ഭവൽ പദം വണങ്ങിടുന്നു-

7 വന്നു നീ വാനമതിൽ ഭക്തരെച്ചേർക്കുവോളം
മന്നിൽ നടത്തിടുക മന്നവാ നിന്മഹിമ
പുകഴ്ത്തിയെങ്ങുമെന്നും നിൽപാനടിയനെ സദയം- **M.T.G.**